# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3328** — **29-01-2014 ൽ മറുപടിയ്ക്ക്**

### കാസർഗോഡ് ജില്ലയിലെ നെൽപ്പാടങ്ങളിലെ കീടബാധ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഇ.ചന്ദ്രശേഖരൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ നെൽപ്പാടങ്ങളിൽ വ്യാപകമായ കീടബാധയുണ്ടെന്ന് പടന്നക്കാട് കാർഷിക കോളേജിന്റെ നേതൃത്വത്തിലുള്ള കീടബാധ ജാഗ്രത സമിതിയുടെ പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ടോ; | (എ) പടന്നക്കാട് കാർഷിക കോളേജിൽ നടപ്പിലാക്കുന്ന ഗവേഷണ പദ്ധതിയായ കീടരോഗ ജാഗ്രതാ പദ്ധതിയിൻകീഴിലുള്ള 15 പഞ്ചായത്തുകളിലെ നെൽകൃഷിയുള്ള ഗ്രാമപഞ്ചായത്തുകളിൽ കഴൽപ്പുഴു, ഇലചുരുട്ടിപ്പുഴു എന്നിവ ബാധിച്ചതായി കണ്ടിട്ടുണ്ട്. ഇവയെ നിയന്ത്രിക്കുവാനുള്ള മാർഗ്ഗങ്ങൾ കർഷകരെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. സുസ്ഥിര നെൽകൃഷി വികസന പദ്ധതി ആർ.കെ.വി.വൈ എന്നീ പദ്ധതികൾ വഴി നെൽകൃഷിക്കാർക്ക് സഹായം അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ കീടബാധ ഏകദേശം മാറിക്കഴിഞ്ഞു. മുഞ്ഞബാധ, അജാനൂർ പഞ്ചായത്തിലും കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയിലും മാത്രമേ കണ്ടിട്ടുള്ളൂ. |
| (ബി) ഇലചുരുട്ടിപ്പുഴു, മുഞ്ഞ തുടങ്ങിയവയുടെ ആക്രമണത്തിൽ ഉൽപ്പാദനം 60 ശതമാനം കുറയുമെന്ന് ജാഗ്രതാ സമിതി കണ്ടെത്തിയിട്ടുണ്ടോ; ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇലചുരുട്ടിപ്പുഴു, കഴൽപ്പുഴു തുടങ്ങിയവയുടെ ആക്രമണത്താൽ 5-10% മാത്രമേ ഉല്പാദനം കുറയുകയുള്ളൂ എന്ന് ജാഗ്രതാ സമിതി കണ്ടെത്തിയിട്ടുണ്ട്. |
| (സി) ജൈവകൃഷി ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ഇരുപതോളം പാടശേഖരങ്ങൾ കീടാക്രമണ പിടിയിലായ സാഹചര്യത്തിൽ കൃഷിഭവൻ മുഖേന ജൈവ കീടനാശിനികൾ വിതരണം ചെയ്യാൻ സംവിധാനം ഏർപ്പെടുത്തുമോ? | (സി) പടന്നക്കാട് കാർഷിക കോളേജിൽ ബ്യൂവേറിയ, മെറ്റാറൈസിയം, വെർട്ടിസില്ലിയം മുതലായ ജൈവ കീടനാശിനികൾ ഉണ്ടാക്കുന്നുണ്ട്. കർഷകർ ആവശ്യപ്പെടുന്നതനുസരിച്ച് കൃഷിഭവൻ മുഖേന ജൈവകീടനാശിനികൾ വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ